കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - ചാത്തന്നൂർ ശ്രീനാരായണ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ ശ്രീമതി.നിഷ.ടി.വി. യുടെ പിതാവിന് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ചികിത്സയാക്കായി 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) പലിശ രഹിത മെഡിക്കൽ അഡ്വാൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്

സ.ഉ (സാധാ.) നം2168/2019/ഉ.വി.വ    തീയതി, തിരുവനന്തപുരം    05.12.2019

പരാമർശം - 1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 2.11.2019 തീയതിയിലെ D1/39461/2019/കോ.വി.വ. നമ്പർ കത്ത്.

2. സ.ഉ.(പി) 45/1997/ആക.വ. തീയതി 18.2.1997

3. സ.ഉ.(പി) 285/2000/ആക.വ. തീയതി 02.11.2000

4. സ.ഉ.(പി) 298/2001/ആക.വ. തീയതി 20.11.2001

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശ കത്തിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചാത്തന്നൂർ ശ്രീനാരായണ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ആയ ശ്രീമതി.നിഷ.ടി.വി. (PEN.829652) യുടെ പിതാവിന് തിരുവനന്തപുരം റീജിണൽ കാൻസർ സെന്ററിൽ ചികിത്സയ്ക്കായി 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) പലിശ രഹിത മെഡിക്കൽ അഡ്വാൻസ് സൂചനയിലെ സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-91" എന്ന ശീർഷകത്തിൽ നിന്നും കുറവ് വരുത്തേണ്ടതാണ്.

ഇപ്രകാരം അനുവദിച്ച 1,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ ശ്രീമതി. നിഷ.ടി.വി. (PEN.829652) സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷക ഹാജരാക്കേണ്ടതാണ്. പലിശ രഹിത ചികിത്സാ വായ്പ 6 മാസത്തിനകം ക്രമപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം 12% നിരക്കിൽ പിഴപ്പലിശ വായ്പാക്കാരിയിൽനിന്നും ഈടാക്കുന്നതാണ്. കൂടാതെ വായ്പക്കാരിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരിയുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ.ജി**

**ഡെപ്യൂട്ടി സെക്രട്ടറി**

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) തിരുവനന്തപുരം
4) പ്രിൻസിപ്പാൾ, ശ്രീനാരായണ കോളേജ്, ചാത്തന്നൂർ, കൊല്ലം,
5) ധനകാര്യവകുപ്പ് (27/11/2019 ലെ 1373434/എൽ2/697/2019/ധന പ്രകാരം)
6) ശ്രീമതി. നിഷ.റ്റി.എസ്., അസിസ്റ്റന്റ് പ്രൊഫസർ, ശ്രീ നാരായണ കോളേജ്, ചാത്തന്നൂർ, (പ്രിൻസിപ്പാൾ മുഖേന)
7) കരുതൽ കോപ്പി / ഓഫീസ് കോപ്പി
8) www.highereducation.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ